**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4041** **15-07-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണങ്ങളുടെ ധനസമാഹരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ എ കെ എം അഷ്റഫ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത്; | (എ) | തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കാവുന്ന എല്ലാ വിഭവങ്ങളും പൂർണ്ണ തോതിൽ സമാഹരിക്കുന്നതിനായി തനത് വരുമാനങ്ങളായ നികുതി, ഫീസ്, വാടക, ലേലതുക തുടങ്ങി ലഭിക്കേണ്ട മുഴുവൻ നികുതി നികുതിയേതര വരവുകളും പൂർണ്ണമായും നിർണ്ണയിക്കുകയും അവ മുഴുവനായും പിരിച്ചെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിക്കപ്പെട്ടതിന് ശേഷം അവയുടെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ മാറ്റം ഉണ്ടായിട്ടുണ്ടെങ്കിൽ അതനുസരി ച്ച് വസ്തു നികുതി പുതുക്കി നിർണ്ണയിക്കുന്നതിനുള്ള നിർദ്ദേശം, നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങൾക്കും പ്രത്യേക നമ്പർ (UA) നൽകി അവ പൊളിച്ച് നീക്കുന്നതു വരെയോ, നിയമാനുസൃത നമ്പർ നൽകുന്നത് വരെയോ അത്തരം കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തു നികുതിയായി ഈടാക്കുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്ക് സർക്കാരിൽ നിന്ന് ലഭിക്കുന്ന സഹായം മാത്രം ആശ്രയിക്കാതെ മറ്റ് സാമ്പത്തിക പങ്കാളിത്തം ഉറപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾക്ക് വേണ്ടി സ്വകാര്യ സ്ഥാപനങ്ങൾ വകയിരുത്തുന്ന ഫണ്ട് (CSR Fund) തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ വഴി ചെലവഴിക്കപ്പെടുന്നതിനായി പ്രോജക്റ്റുകൾ ഏറ്റെടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി അവയ്ക്ക് |

| | | | |
|---|---|---|---|
| | | | പഞ്ചായത്ത് -സ്വകാര്യ പങ്കാളിത്തം (PPP), പഞ്ചായത്ത് - സഹകരണ സ്ഥാപനപങ്കാളിത്തം (PCP), പഞ്ചായത്ത് - സ്വകാര്യ-സഹകരണ സ്ഥാപന പങ്കാളിത്തം (PPCP) എന്നീ രീതികളി ൽ ഉല്പാദന, സേവന, അടിസ്ഥാന സൗകര്യ വികസന മേഖലകളിൽ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | കടപ്പത്രം വഴി ധന സമാഹരണത്തിന് അനുമതി നൽകുന്നതിന് ആലോചനയുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ